**മധുരമായ കുട്ടികളെ-ഈ സൃഷ്ടി അഥവാ ലോകം ദുഃഖത്തിന്റേതാണ്, ഇതിൽ നിന്നും നഷ്ടോമോഹാ ആകൂ, പുതിയ ലോകത്തെ ഓർമ്മിക്കൂ, ബുദ്ധിയോഗം ഈ ലോകത്തിൽ നിന്നും വിടുവിച്ച് പുതിയ ലോകത്തിൽ വെയ്ക്കൂ.**

**ചോദ്യം-** കൃഷ്ണപുരിയിലേക്ക് പോകുന്നതിന് നിങ്ങൾ കുട്ടികൾ ഏതൊരു തയ്യാറെടുപ്പ് ചെയ്യുന്നു, ചെയ്യിക്കുന്നു?
**ഉത്തരം-** കൃഷ്ണപുരിയിലേക്ക് പോകുന്നതിന് കേവലം ഈ അന്തിമ ജന്മത്തിൽ സർവ്വ വികാരങ്ങളെയും ഉപേക്ഷിച്ച് പാവനമാകണം മറ്റുള്ളവരെയും പാവനമാക്കണം. പാവനമാകുക തന്നെയാണ് ദുഃഖധാമിൽ നിന്നും സുഖധാമിലേക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പ്. നിങ്ങൾ സർവ്വർക്കും ഇതേ സന്ദേശം നല്കൂ- ഇത് മോശമായ ലോകമാണ്, ഇതിൽ നിന്നും ബുദ്ധിയോഗത്തെ വിടുവിക്കൂ എങ്കിൽ പുതിയ സത്യയുഗീ ലോകത്തിലേക്ക് പോകാൻ സാധിക്കും.

**ഗീതം-** എനിക്ക് ആശ്രയം നല്കുന്നവനേ....

**ഓം ശാന്തി.** ഈ ഗീതത്തിൽ കുട്ടികൾ ബാബാ എന്ന് വിളിക്കുന്നു. കുട്ടികളുടെ ബുദ്ധി പോകുന്നത് പരിധിയില്ലാത്ത അച്ഛന്റെ നേർക്കാണ്. ഏത് കുട്ടികൾക്കാണൊ ഇപ്പോൾ സുഖം ലഭിച്ചു കൊണ്ടിരിക്കുന്നത് അഥവാ സുഖധാമിലേക്കുള്ള മാർഗ്ഗം ലഭിച്ചു കൊണ്ടിരിക്കുന്നത്, മനസ്സിലാക്കുന്നു ശരിക്കും ബാബ സ്വർഗ്ഗത്തിലെ 21 ജന്മത്തിന്റെ സുഖം നല്കാൻ വന്നിരിക്കുന്നു. ഈ സുഖത്തിന്റെ പ്രാപ്തിക്കു വേണ്ടി സ്വയം ബാബ വന്ന് ശിക്ഷണം നല്കികൊണ്ടിരിക്കുന്നു. മനസ്സിലാക്കി തരുന്നു ഈ ലോകം അർത്ഥം ഇവിടെയുള്ള മനുഷ്യർക്ക് ഒന്നും നല്കാൻ സാധിക്കില്ല. ഇതെല്ലാം രചനയല്ലേ. പരസ്പരം ഭായി ബഹൻ ആണ്. അപ്പോൾ രചനയ്ക്ക് പരസ്പരം സുഖത്തിന്റെ സമ്പത്ത് എങ്ങനെ നല്കാൻ സാധിക്കും! സുഖത്തിന്റെ സമ്പത്ത് നല്കുന്നത് തീർച്ചയായും ഒരേയൊരു രചയിതാവായ ബാബ തന്നെയായിരിക്കും. ഈ ലോകത്തിൽ അങ്ങനെ സുഖം നല്കുന്ന മനുഷ്യർ ആരും തന്നെയില്ല. സുഖദാതാവ് സത്ഗതി ദാതാവ് ഒരേയൊരു സത്ഗുരുവാണ്. ഇപ്പോൾ എങ്ങനെയുള്ള സുഖമാണ് യാചിക്കുന്നത്? ഇതെല്ലാവരും മറന്നു- സ്വർഗ്ഗത്തിൽ വളരെ സുഖമുണ്ടായിരുന്നു, ഇപ്പോൾ നരകത്തിൽ വളരെ ദുഃഖമുണ്ട് എന്ന്. അപ്പോൾ തീർച്ചയായും സർവ്വ കുട്ടികളുടെയും മേൽ അധികാരിക്ക് ദയ തോന്നും. വളരെ പേർ സൃഷ്ടിയുടെ അധികാരിയെ അംഗീകരിക്കുന്നു. എന്നാൽ അതാരാണ്, അവരിൽ നിന്നും എന്ത് ലഭിക്കുന്നു എന്ന് അറിയുന്നില്ല. അധികാരിയിൽ നിന്നും ദുഃഖം ലഭിച്ചുവെന്ന് പറയില്ല. ബാബയെ ഓർമ്മിക്കുന്നത് തന്നെ സുഖത്തിനും ശാന്തിക്കും വേണ്ടിയാണ്. ഭക്തർ തീർച്ചയായും പ്രാപ്തിക്ക് വേണ്ടിയാണ് ഭഗവാനെ ഓർമ്മിക്കുന്നത്. ദുഃഖിതരാണ് അതിനാൽ സുഖത്തിനും ശാന്തിക്കും വേണ്ടി ഓർമ്മിക്കുന്നു. പരിധിയില്ലാത്ത സുഖം നല്കുന്നത് ബാബയാണ്, ബാക്കി പരിധിയുള്ള അല്പകാല സുഖം പരസ്പരം നല്കി കൊണ്ടിരിക്കുന്നു. അത് വലിയ കാര്യമല്ല. സർവ്വ ഭക്തരും വിളിക്കുന്നത് ഒരു ഭഗവാനെയാണ്, തീർച്ചയായും ഭഗവാൻ ഏറ്റവും വലുതാണ്, ബാബയുടെ മഹിമയും വലുതാണ്. അപ്പോൾ തീർച്ചയായും വളരെ സുഖം നല്കുന്നവനായിരിക്കും. ബാബയ്ക്ക് ഒരിക്കലും മക്കൾക്കോ ലോകത്തിനോ ദുഃഖം നല്കാൻ സാധിക്കില്ല. ബാബ മനസ്സിലാക്കി തരുന്നു നിങ്ങൾ ചിന്തിക്കൂ- ഞാൻ സൃഷ്ടി രചിക്കുന്നത് ദുഃഖം നല്കുന്നതിന് വേണ്ടിയാണൊ? ഞാൻ രചിക്കുന്നത് സുഖം നല്കുന്നതിനാണ്. എന്നാൽ ഈ സുഖ ദുഃഖത്തിന്റെ ഡ്രാമ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. മനുഷ്യർ എത്ര ദുഃഖിതരാണ്. ബാബ മനസ്സിലാക്കി തരുന്നു പുതിയ ലോകമായിരുന്നു, പുതിയ സൃഷ്ടിയായിരുന്നു, അവിടെ സുഖമായിരുന്നു. ദുഃഖമുള്ളത് പഴയ സൃഷ്ടിയിലാണ്. സർവ്വതും പഴയതും ജീർണ്ണിച്ച അവസ്ഥയിലുമെത്തുന്നു. ആദ്യം ഞാൻ രചിക്കുന്ന സൃഷ്ടിയെ സതോപ്രധാനമെന്നു പറയുന്നു. ആ സമയത്ത് സർവ്വ മനുഷ്യരും എത്രയോ സുഖിയായിട്ടിരിക്കുന്നു. ആ ധർമ്മം ഇപ്പോൾ പ്രായേണ ലോപിച്ചത് കാരണം ആരുടെയും ബുദ്ധിയിൽ ഇല്ല.

നിങ്ങൾ കുട്ടികൾക്കറിയാം പുതിയ ലോകം സത്യയുഗമായിരുന്നു. ഇപ്പോൾ പഴയതായി അപ്പോൾ ആഗ്രഹിക്കുന്നുണ്ട് ബാബ പുതിയ ലോകം സ്ഥാപിക്കണമെന്ന്. ആദ്യം പുതിയ സൃഷ്ടിയിൽ പുതിയ ലോകത്തിൽ വളരെ കുറച്ച് പേരേ ഉണ്ടായിരുന്നുള്ളൂ, വളരെ സുഖിയായിരുന്നു, ആ സുഖത്തിന് പരിധിയില്ലായിരുന്നു. പേര് തന്നെ സ്വർഗ്ഗം, വൈകുണ്ഠം, പുതിയ ലോകം എന്നാണ്. അപ്പോൾ തീർച്ചയായും അവിടെ പുതിയ മനുഷ്യരായിരിക്കും. തീർച്ചയായും ആ ദേവീദേവതമാരുടെ രാജധാനി ഞാനാണ് സ്ഥാപിച്ചത്. അല്ലായെങ്കിൽ കലിയുഗത്തിൽ ഇപ്പോൾ ഒരു രാജാവ് പോലുമില്ല, സർവ്വരും ദരിദ്രരാണ്, പിന്നീട് പെട്ടെന്ന് സത്യ

യുഗത്തിൽ ദേവീ ദേവതമാരുടെ രാജധാനി എവിടെ നിന്നുണ്ടായി? ഈ ലോകം എങ്ങനെ പരിവർത്തന പ്പെട്ടു? എന്നാൽ സർവ്വരുടെയും ബുദ്ധി അത്രയും പ്രഹരിക്കപ്പെട്ടിരിക്കുന്നു, ഒന്നും തന്നെ മനസ്സിലാക്കു ന്നില്ല. ബാബ വന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. മനുഷ്യൻ ഈശ്വരൻ തന്നെയാണ് സുഖ ദുഃഖം നല്കുന്നുവെന്ന് പറഞ്ഞ് ബാബയെയാണ് കുറ്റപ്പെടുത്തുന്നത്, എന്നാൽ ഈശ്വരനെ ഓർമ്മിക്കുന്നത് തന്നെ വന്ന് സുഖവും ശാന്തിയും നല്കൂ, സ്വീറ്റ് ഹോമിലേക്ക് കൊണ്ടു പോകൂ എന്ന് പറഞ്ഞാണ്. പിന്നീട് പാർട്ട ഭിനയിക്കാൻ വേണ്ടി തീർച്ചയായും അയക്കുമല്ലോ ! കലിയുഗത്തിന് ശേഷം പിന്നീട് തീർച്ചയായും സത്യ യുഗം വരണം. മനുഷ്യർ രാവണന്റെ നിർദ്ദേശമനുസരിച്ചാണ്. ശ്രേഷ്ഠ നിർദ്ദേശമാണ് ശ്രീമത്ത്. ബാബ പറയുന്നു– ഞാൻ സഹജ രാജയോഗമാണ് പഠിപ്പിക്കുന്നത്. ഞാൻ ഗീതാ ശ്ലോകങ്ങളല്ല ഉച്ചരിക്കുന്നത്. ബാബ ഗീത പഠിപ്പിക്കുമോ? ഞാൻ സഹജരാജയോഗമാണ് പഠിപ്പിക്കുന്നത്. സ്ക്കൂളിൽ ഗീതവും കവിത കളും കേൾപ്പിക്കാറുണ്ടോ? സ്ക്കൂളിൽ പഠിപ്പിക്കുകയാണ് ചെയ്യുന്നത്. ബാബയും പറയുന്നു നിങ്ങൾ കുട്ടികളെ ഞാൻ രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. ഞാനുമായി മറ്റാർക്കും യോഗമില്ല. സർവ്വരും എന്നെ മറന്നു. മറക്കുന്നതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. ഞാൻ വന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു. ഞാൻ നിങ്ങളുടെ അച്ഛനാണ്. ഈശ്വരൻ നിരാകാരനാണ് എന്ന് അംഗീകരിക്കുന്നുണ്ട്, നിങ്ങളും ബാബയുടെ നിരാകാരി കുട്ടിയാണ്. നിരാകാരി ആത്മാക്കളെ, നിങ്ങൾ ഇവിടെ വരുന്നത് പാർട്ടഭിനയിക്കാനാണ്. സർവ്വ നിരാകാരി ആത്മാക്കളുടെ നിവാസസ്ഥാനം ഉയർന്നതിലും വെച്ച് ഉയർന്ന നിരാകാരി ലോകമാണ്. ഇത് സാകാരി ലോകമാണ്, പിന്നെ ആകാരി ലോകം, അതാണ് ഏറ്റവും ഉയർന്ന മൂന്നാമത്തെ നിലയിലുള്ള നിരാകാരി ലോകം. ബാബ സന്മുഖത്ത് വന്ന് മനസ്സിലാക്കി തരുന്നു, നമ്മളും അവിടെ വസിക്കുന്നവരാണ്. പുതിയ ലോകമായിരുന്ന സമയത്ത് അവിടെ ഒരു ധർമ്മമായിരുന്നു, അതിനെയാണ് സ്വർഗ്ഗം എന്നു പറയു ന്നത്. ബാബയെയാണ് ഹെവൻലി ഗോഡ്ഫാദർ എന്നു പറയുന്നത്. കലിയുഗമാണ് കംസപുരി. സത്യ യുഗം കൃഷ്ണപുരിയാണ്. അപ്പോൾ ചോദിക്കണം– നിങ്ങൾ കൃഷ്ണപുരിയിലേക്ക് പോകില്ലേ? കൃഷ്ണപു രിയിലേക്ക് പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ പവിത്രമാകൂ. ഏതു പോലെ ഞങ്ങൾ ദുഃഖധാമിൽ നിന്നും സുഖധാമിലേക്ക് പോകുന്നതിന് തയ്യാറെടുക്കുന്നു, അതേപോലെ നിങ്ങളും ചെയ്യൂ. അതിന് വേണ്ടി തീർച്ച യായും വികാരങ്ങളെ ഉപേക്ഷിക്കേണ്ടി വരും. ഇത് എല്ലവരുടെയും അന്തിമ ജന്മമാണ്. സർവ്വർക്കും തിരികെ പോകണം. നിങ്ങൾ മറന്നു പോയോ– 5000 വർഷങ്ങൾക്ക് മുമ്പും ഈ മഹാഭാരത യുദ്ധം നടന്ന തല്ലേ. സർവ്വ ധർമ്മങ്ങളുടെയും വിനാശം നടന്നിരുന്നു, ഒരു ധർമ്മത്തിന്റെ സ്ഥാപന നടന്നിരുന്നു. സത്യ യുഗത്തിൽ ദേവീ ദേവതമാരായിരുന്നില്ലേ. കലിയുഗത്തിലില്ല. ഇപ്പോൾ രാവണ രാജ്യമാണ്. ആസൂരീയ മനുഷ്യരാണ്. അവരെ ദേവതമാരാക്കണം. അതിന് വേണ്ടി ആസൂരീയ ലോകത്തിൽ വരണമോ അതോ ദേവീക ലോകത്തിൽ വരുമോ? അതോ രണ്ടിന്റേയും സംഗമത്തിൽ വരുമോ? പറയാറുണ്ട് കല്പ കല്പം, കല്പത്തിന്റെ സംഗമത്തിൽ വരുന്നു. ബാബ നമ്മളെ അങ്ങനെയാണ് മനസ്സിലാക്കി തരുന്നത്, നമ്മൾ ബാബയുടെ ശ്രീമത്തനുസരിച്ചാണ്. പറയുന്നു– ഞാൻ വഴികാട്ടിയായി നിങ്ങൾ കുട്ടികളെ തിരികെ കൊണ്ടു പോകാനാണ് വന്നിരിക്കുന്നത്, അതിനാൽ എന്നെ കാലന്റെയും കാലൻ എന്നാണ് വിളിക്കുന്നത്. കഴിഞ്ഞ കല്പത്തിലും മഹാഭാരത യുദ്ധം നടന്നിരുന്നു, അതിലൂടെ സ്വർഗ്ഗത്തിന്റെ ഗേറ്റ് തുറക്കപ്പെട്ടു. എന്നാൽ ദേവീ ദേവതമാരല്ലാതെ മറ്റാരും അവിടെ പോയിട്ടില്ല. ബാക്കി സർവ്വരും ശാന്തിധാമിലായിരുന്നു. അതി നാൽ നിർവ്വാണധാമിന്റെ അധികാരിയായ ഞാൻ വന്നിരിക്കുകയാണ് സർവ്വരെയും നിർവ്വാണധാമിലേക്ക് കൊണ്ടു പോകുന്നതിന്. നിങ്ങൾ രാവണന്റെ വലയിൽ കുടുങ്ങി കിടക്കുന്ന വികാരി ആസൂരീയ ഗുണങ്ങ ളുള്ളവരാണ്. കാമമാണ് നമ്പർ വൺ വികാരം. പിന്നെ ക്രോധം, ലോഭം. അതിനാൽ മുഴുവൻ ലോക ത്തിൽ നിന്നും നഷ്ടോമോഹയും ആകണം എന്നാലെ സ്വർഗ്ഗത്തിലേക്ക് പോകാൻ സാധിക്കൂ. ഏതു പോലെ ഭൗതികത്തിൽ അച്ഛൻ വീട് പണിയുമ്പോൾ കുട്ടികളുടെ ബുദ്ധി അതിലേക്ക് തന്നെ പോകുന്നു, കുട്ടികൾ പറയുന്നു, ബാബ ഇവിടെ ഇത് പണിയണം, നല്ല കെട്ടിടം പണിയണം എന്ന്. അതേപോലെ പരി ധിയില്ലാത്ത ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് വേണ്ടി പുതിയ ലോകമാകുന്ന ശ്രേഷ്ഠമായ സ്വർഗ്ഗം സ്ഥാപിക്കുന്നു. അതിനാൽ നിങ്ങളുടെ ബുദ്ധിയോഗം പഴയ ലോകത്തിൽ നിന്ന് വേറിടണം. ഇവിടെ എന്താണ് ഉള്ളത്? ദേഹവും പഴയത്, ആത്മാവിൽ അഴുക്ക് നിറഞ്ഞിട്ടുണ്ട്. യോഗത്തിലിരുന്നാലെ അത് ഇല്ലാതാകൂ. ജ്ഞാനത്തിന്റെ ധാരണയും ഉണ്ടാകും. ഈ ബാബ ഭാഷണം ചെയ്തുകൊണ്ടേയിരിക്കുക യാണ്. ഹേ, കുട്ടികളെ, നിങ്ങൾ സർവ്വ ആത്മാക്കളും എന്റെ രചനകളാണ്. ആത്മ സ്വരൂപത്തിൽ ഭായി ഭായിയാണ്. ഇപ്പോൾ നിങ്ങൾ സർവ്വർക്കും എന്റെയടുത്തേക്ക് തിരികെ എത്തണം. ഇപ്പോൾ സർവ്വരും തമോപ്രധാനമായി. രാവണരാജ്യമല്ലേ. രാവണരാജ്യം എന്നു മുതലാണ് ആരംഭിച്ചതെന്ന് നേരത്തെ നിങ്ങൾക്കും അറിയില്ലായിരുന്നു. സത്യയുഗത്തിൽ 16 കല, പിന്നെ 14 കലയായി മാറുന്നു. ഒറ്റയടിക്ക് രണ്ട് കല കുറയുന്നില്ല. പതുക്കെ പതുക്കെയാണ് കുറയുന്നത്. ഇപ്പോൾ ഒരു കലയുമില്ല. പൂർണ്ണമായും ഗ്രഹണം ഏറ്റിരിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു– ദാനം ചെയ്യൂ എങ്കിൽ ഗ്രഹപ്പിഴയില്ലാതാകും. 5വികാരങ്ങൾ ദാനം ചെയ്യൂ, മറ്റൊരു പാപവും ചെയ്യരുത്. ഭാരതവാസികൾ രാവണനെ കത്തിക്കുന്നു, തീർച്ചയായും

രാവണ രാജ്യമാണ്. എന്നാൽ രാമ രാജ്യം ഏതിനെയാണ് പറയുന്നത്, രാവണ രാജ്യം ഏതിനെയാണ് പറയുന്നത് എന്ന് പോലും അറിയില്ല. പറയുന്നു രാമ രാജ്യം വേണം, പുതിയ ഭാരതം വേണം എന്ന് എന്നാൽ ഒരാൾക്ക് പോലും അറിയില്ല പുതിയ ലോകം പുതിയ ഭാരതം എപ്പോഴാണ് ഉണ്ടാകുന്നത് എന്ന്. സർവ്വരും ശവകുടീരത്തിൽ ഉറങ്ങി കിടക്കുകയാണ്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സത്യയുഗീ വൃക്ഷം കാണാൻ സാധിക്കുന്നു. ഇവിടെ ദേവതമാരായി ആരും തന്നെയില്ല. അതിനാൽ ബാബ വന്ന് സർവ്വതും മനസ്സിലാക്കി തരുന്നു. നിങ്ങളുടെ അതേ മാതാ പിതാവാണ്, സ്ഥൂലത്തിൽ പിന്നെ ഈ മാതാപിതാവും. നിങ്ങൾ മാതാ പിതാവെന്ന് അവരെയാണ് പറയുന്നത്. സത്യയുഗത്തിൽ അങ്ങനെ മഹിമ പാടില്ല. അവിടെ കൃപയുടെ കാര്യമേയില്ല, ഇവിടെ മാതാപിതാവിന്റേതായതിന് ശേഷം യോഗ്യതയുള്ളവരുമാകണം. ബാബ സ്മൃതി ഉണർത്തുന്നു– ഹേ ഭാരതവാസികളെ നിങ്ങൾ മറന്നു പോയി, നിങ്ങൾ ദേവതമാർ  എത്ര ധനവാനായിരുന്നു, വിവേകശാലികളായിരുന്നു. ഇപ്പോൾ വിവേകശൂന്യരായി പാപ്പരായിപ്പോയി. മായാ രാവണനാണ് നിങ്ങളെ ഇങ്ങനെയാക്കിയത്, അതിനാലാണ് രാവണനെ കത്തിക്കുന്നത്. ശത്രുവിന്റെ കോലം ഉണ്ടാക്കി അതിനെ കത്തിക്കുന്നില്ലേ. നിങ്ങൾ കുട്ടികൾക്ക് എത്ര അറിവാണ് ലഭിക്കുന്നത്. എന്നാൽ വിചാര സാഗരമഥനം ചെയ്യുന്നില്ല, ബുദ്ധി അലയുന്നു അതിനാൽ അങ്ങനെയുള്ള പോയിന്റ്സ് പ്രഭാഷണത്തിൽ കേൾപ്പിക്കാൻ മറന്നു പോകുന്നു. പൂർണ്ണമായും മനസ്സിലാക്കി തരുന്നില്ല. നിങ്ങൾ ബാബയുടെ സന്ദേശം നല്കണം– ബാബ വന്നിരിക്കുകയാണ് എന്ന്. മഹാഭാരത യുദ്ധം മുന്നിൽ തന്നെയുണ്ട്. സർവ്വർക്കും തിരികെ പോകണം. സ്വർഗ്ഗം സ്ഥാപിതമായികൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു ദേഹസഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളെയും മറന്ന് എന്നെ ഓർമ്മിക്കൂ. ബാക്കി ഇസ്ലാം, ബുദ്ധ ധർമ്മത്തിലുള്ളവർ ഭായി ഭായിയാണ് എന്ന് പറയാൻ സാധിക്കില്ല. ഇത് സർവ്വതും ദേഹത്തിന്റെ ധർമ്മങ്ങളല്ലേ. സർവ്വരുടെയും ആത്മാക്കൾ ബാബയുടെ സന്താനങ്ങളാണ്. ബാബ പറയുന്നു ഈ സർവ്വ ദേഹത്തിന്റെ ധർമ്മങ്ങളെ ഉപേക്ഷിച്ച് എന്നെ മാത്രം ഓർമ്മിക്കൂ. ബാബയുടെ സന്ദേശം നല്കുന്നതിന് നമ്മൾ ശിവജയന്തി ആഘോഷിച്ചു കൊണ്ടിരിക്കുന്നു. നമ്മൾ ബ്രഹ്മാകുമാർ കുമാരിമാർ ശിവന്റെ പേരക്കുട്ടികളാണ്. നമുക്ക് ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ രാജധാനിയുടെ സമ്പത്ത് ലഭിച്ചു കൊണ്ടിരിക്കുന്നു. ബാബ നമുക്ക് നിർദ്ദേശം നല്കുന്നു– മൻമനാഭവ. ഈ യോഗാഗ്നിയിലൂടെ നിങ്ങളുടെ വികർമ്മം ഭസ്മമാകും. അശരീരിയാകൂ. ശരി..

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## രാത്രി ക്ലാസ്സ്–

ഇപ്പോൾ നിങ്ങൾ കുട്ടികൾ സ്ഥൂല വതനം, സൂക്ഷ്മവതനം മൂലവതനത്തെ നല്ല രീതിയിൽ മനസ്സിലാക്കി. കേവലം നിങ്ങൾ ബ്രാഹ്മണരേ ഈ ജ്ഞാനം പ്രാപ്തമാക്കുന്നുള്ളൂ. ദേവതമാർക്ക് ഇതിന്റെ ആവശ്യമില്ല. നിങ്ങൾക്ക് മുഴുവൻ വിശ്വത്തിനെ കുറിച്ചുള്ള അറിവുണ്ട്. നിങ്ങൾ ആദ്യം ശൂദ്ര വർണ്ണത്തിലേതായിരുന്നു. പിന്നെ ബ്രഹ്മാകുമാരനാകുമ്പോൾ നിങ്ങൾ ഈ ജ്ഞാനം നല്കുന്നു, അതിലൂടെ നിങ്ങളുടെ ദേവതാ ധർമ്മം സ്ഥാപിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. ബാബ വന്ന് ബ്രാഹ്മണകുലം, സൂര്യവംശി, ചന്ദ്രവംശി കുലം സ്ഥാപിക്കുന്നു. അതും ഈ സംഗമത്തിൽ സ്ഥാപന ചെയ്യുന്നു. മറ്റ് ധർമ്മത്തിലുള്ളവർ പെട്ടെന്ന് വംശം സ്ഥാപിക്കുന്നില്ല. അവരെ ഗുരുവെന്ന് പറയില്ല. ബാബ തന്നെ വന്ന് ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. ബാബ പറയുന്നു ഇപ്പോൾ ശിരസ്സിൽ ചിന്തയുണ്ട്– ബാബയെ ഓർമ്മിക്കണം എന്ന്, അത് അടിക്കടി മറന്നു പോകുന്നു. ആരോഗ്യശാലിയാകുന്നതിന് പുരുഷാർത്ഥം ചെയ്ത് സ്ഥൂല ജോലിയും ചെയ്യണം, ഓർമ്മിക്കുകയും വേണം. ബാബ വളരെ ശക്തിശാലീ സമ്പാദ്യം ചെയ്യിക്കുന്നു, ഇവിടെ സർവ്വതും മറക്കേണ്ടി വരുന്നു. ഞാൻ ആത്മാവ് പൊയ്ക്കൊണ്ടിരിക്കുന്നു എന്ന അഭ്യാസം ചെയ്യണം. ഭക്ഷണം കഴിക്കുമ്പോൾ ബാബയെ ഓർമ്മിക്കാൻ സാധിക്കില്ലേ? വസ്ത്രം തുന്നുമ്പോൾ ബുദ്ധിയോഗം ബാബയിലായിരിക്കണം, അഴുക്കിനെയില്ലാതാക്കണം. ബാബ പറയുന്നു ശരീരത്തിന്റെ നിലനില്പിന് വേണ്ടി എന്ത് കർമ്മം വേണമെങ്കിലും ചെയ്തോളൂ. വളരെ സഹജമാണ്. 84ന്റെ ചക്രം പൂർത്തിയായി എന്ന് മനസ്സിലാക്കി. ഇപ്പോൾ ബാബ രാജയോഗം പഠിപ്പിക്കാൻ വേണ്ടി വന്നിരിക്കുന്നു. ഈ വിശ്വത്തിന്റെ ചരിത്രവും, ഭൂമിശാസ്ത്രവും ഈ സമയത്ത് ആവർത്തിച്ചു കൊണ്ടിരിക്കുന്നു. കഴിഞ്ഞ കല്പത്തിലേത് പോലെ ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ആവർത്തനത്തിന്റെ രഹസ്യവും ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്. ഒരു ദൈവം, ഒരു ധർമ്മം എന്ന് പറയാറില്ലേ. അവിടെ മാത്രമേ ശാന്തി ഉണ്ടാകുകയുള്ളൂ. അതാണ് അദ്വൈത രാജ്യം, ദ്വൈതം അർത്ഥം ആസുരീയ രാവണ രാജ്യം. അവർ ദേവതമാർ, ഇവരാണ് ദൈത്യർ. ആസുരീയ രാജ്യത്തിന്റെയും ദേവീക രാജ്യത്തിന്റെയും കളി ഭാരതത്തിലാണ് നടക്കുന്നത്. ഭാരതത്തിന്റേത്

ആദി സനാതന ധർമ്മമായിരുന്നു, പവിത്ര പ്രവർത്തി മാർഗ്ഗമായിരുന്നു. നമ്മൾ ദേവതമാരായിരുന്നു, പിന്നെ കലകൾ കുറഞ്ഞു വന്നു. നമ്മൾ തന്നെ ശൂദ്ര കുലത്തിൽ വന്നു. ടീച്ചർ കുട്ടികളെ പഠിപ്പിക്കുന്നത് പോലെ യാണ് ബാബ നമ്മെ പഠിപ്പിക്കുന്നത്, നമ്മൾ കേൾക്കുന്നു. നല്ല വിദ്യാർത്ഥികൾ പൂർണ്ണ ശ്രദ്ധ നല്കുന്നു, മുടക്കില്ല. ഈ പഠിത്തം ദിവസേന പഠിക്കണം. ഇങ്ങനെയുള്ള ഈശ്വരീയ യൂണിവേഴ്സിറ്റിയിൽ മുട ങ്ങാൻ പാടില്ല. ബാബ ഗുഹ്യമായ കാര്യങ്ങളാണ് കേൾപ്പിച്ചു കൊണ്ടിരിക്കുന്നത്. ശരി. ഗുഡ്നൈറ്റ്. ആത്മീയ കുട്ടികൾക്ക് നമസ്തേ.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ദേഹത്തിന്റെ സർവ്വ ധർമ്മങ്ങളെയും ഉപേക്ഷിച്ച്, അശരീരി ആത്മാവാണെന്ന് മനസ്സിലാക്കി ഒരേയൊരു ബാബയെ ഓർമ്മിക്കണം. യോഗത്തിന്റെയും ജ്ഞാനത്തിന്റെയും ധാരണയിലൂടെ ആത്മാവിനെ പാവന മാക്കണം.

2. ബാബ നല്കുന്ന ജ്ഞാനത്തെ വിചാര സാഗരമഥനം ചെയ്ത് സർവ്വർക്കും ബാബയുടെ സന്ദേശം നല്കണം. ബുദ്ധിയെ അലയിക്കരുത്.

## വരദാനം:- ബാബയുടെ ചുവടിന്മേൽ ചുവട് വെച്ചുകൊണ്ട് പരമാത്മാ ആശീർവ്വാദങ്ങൾ പ്രാപ്തമാക്കുന്ന ആജ്ഞാകാരിയായി ഭവിക്കട്ടെ.

ആജ്ഞാകാരി അർത്ഥം ബാപ്ദാദയുടെ ആജ്ഞയാകുന്ന ചുവടിന്മേൽ ചുവട് വെക്കുന്നവർ. അങ്ങനെയുള്ള ആജ്ഞാകാരികൾക്ക് തന്നെയാണ് സർവ്വ സംബന്ധങ്ങളാലും പരമാത്മാ ആശീർവ്വാദങ്ങൾ ലഭിക്കുന്നത്. ഇതും നിയമമാണ്. സാധാരണ രീതിയിൽ പോലും ആരെങ്കിലും ആരുടെയെങ്കിലും നിർദ്ദേശപ്രകാരം ഹാംജി ഞാൻ തയ്യാർ എന്ന് പറയുകയാണെങ്കിൽ, ആരുടെ കാര്യം ചെയ്തുകൊടുക്കുന്നുവോ അവരുടെ ആശീർവ്വാദങ്ങൾ തീർച്ചയായും ലഭിക്കുന്നു. ഇതാണെങ്കിൽ പരമാത്മാ ആശീർവ്വാദങ്ങളാണ്, അത് ആജ്ഞാകാരി ആത്മാക്കളെ സദാ ഡബിൾ ലൈറ്റാക്കി മാറ്റുന്നു.

## സ്ലോഗൻ: ദിവ്യതയും അലൗകികതയും തന്റെ ജീവിതത്തിന്റെ അലങ്കാരമാക്കി മാറ്റൂ എങ്കിൽ സാധാരണത സമാപ്തമാകും.